"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ റൂറൽ ഡെവലപ് മെന്റ് ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്)-യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് അർഹമായ വിരമിക്കൽ ആനുകൂല്യങ്ങൾ കേരംസിന്റെ ലഭ്യമായ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.277/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/02/2020

പരാമർശം:- 1 03.05.2010-ലെ GO (Ms) No.87/2010/LSGD നമ്പർ ഉത്തരവ്.

2 14.06.2019-ൽ ചേർന്ന മുപ്പതിനാലാമത് കേരംസ് ഗവേണിംഗ് ബോഡിയുടെ അജണ്ടാ നമ്പർ VII-2 തീരുമാനം.

3 കേരംസ് മെമ്പർ സെക്രട്ടറിയുടെ 19.09.19-ലെ 47/KER/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം 01.04.2009 പ്രാബല്യത്തിൽ സർവ്വീസ് റെഗുലറൈസ് ചെയ്ത കേരംസിലെ ജീവനക്കാരായിരുന്ന ശ്രീമതി. എസ്. ചന്ദ്രകുമാരി (സെയിൽസ് അസിസ്റ്റന്റ്), ശ്രീ. എം.ശൈലാകുമാരൻ നായർ (ഡ്രൈവർ), ശ്രീമതി. എസ്. ശോഭനകുമാരി (സെയിൽസ് അസിസ്റ്റന്റ്) എന്നിവർ 2012 - 2016 കാലഘട്ടങ്ങളിൽ വിരമിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ അഭാവം മൂലം ടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ സാധിച്ചിരുന്നില്ല.

2) പരാമർശം (2)-ലെ ഗവേണിംഗ് ബോഡി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ജീവനക്കാർക്ക് നൽകേണ്ട വിരമിക്കൽ അനുകൂല്യങ്ങൾ (ഗ്രാറ്റുവിറ്റി, & ടെർമിനൽ ലീവ് സറണ്ടർ) ചുവടെ പറയും പ്രകാരം തിട്ടപ്പെടുത്തി കേരംസിന്റെ ലഭ്യമായ ഫണ്ടിൽ നിന്നും 1,82,127 രൂപ വിനിയോഗിച്ച് വിതരണം ചെയ്യുന്നതിന് അനുമതിയ്ക്കായി പരാമർശം (3) പ്രകാരം വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു.

| വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ | ഗ്രാറ്റുവിറ്റി | ടെർമിനൽ ലീവ് സറണ്ടർ ശമ്പളം | ആകെ (₹) |
|---|---|---|---|
| ശ്രീമതി . ചന്ദ്രകുമാരി (സെയിൽസ് അസിസ്റ്റന്റ് ) | 10,710 | 16,368 | 27,078 |
| ശ്രീ . എം . ശൈലാകുമാരൻ നായർ (ഡ്രൈവർ) | 19,850 | 31,861 | 51,711 |

| | | | |
|---|---|---|---|
| ശ്രീമതി . എസ് . ശോഭനകുമാരി (സെയിൽസ് അസിസ്റ്റന്റ്) | 36,036 | 67,302 | 1,03,338 |
| ആകെ | | | 1,82,127 |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരംസിൽ നിന്നും വിരമിച്ച ശ്രീമതി. എസ്. ചന്ദ്രകുമാരി (സെയിൽസ് അസിസ്റ്റന്റ്), ശ്രീ. എം.ശൈലാകുമാരൻ നായർ (ഡ്രൈവർ), ശ്രീമതി. എസ്. ശോഭനകുമാരി (സെയിൽസ് അസിസ്റ്റന്റ്) എന്നിവർക്ക് അർഹമായ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ 1,82,127/- രൂപ (ഒരു ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഒരുനൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) കേരംസിന്റെ ലഭ്യമായ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരംസ്, തിരുവനന്തപുരം.
ബന്ധപ്പെട്ട വിരമിച്ച ജീവനക്കാർക്ക് (കേരംസ് മെമ്പർ സെക്രട്ടറി മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്.എസ്.എ./ഇ.& ആർ.എസ്.എ.), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( WW1/236/2017-FIN തീയതി 31.12.2019 പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.